**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2049** **29-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്തിന്റെ പാൽ ഉൽപ്പാദനം വർഷം 25.79 ലക്ഷം മെട്രിക് ടൺ ആണെന്ന് കണക്കാക്കപ്പെടുന്നു. സഹകരണ മേഖലയിൽ പ്രതിദിനം 18 ലക്ഷം ലിറ്റർ പാലാണ് സംഭരിക്കുന്നത്.<br><br>2025 ഏപ്രിൽ 1 മുതൽ 2025 സെപ്റ്റംബർ 22 വരെയുള്ള കണക്കുകൾ പ്രകാരം 12,10,981 ലിറ്ററാണ് മിൽമയുടെ മേഖലാ യൂണിയനുകൾ വഴിയുള്ള പ്രതിദിന ശരാശരി പാൽ സംഭരണം |
| (ബി) | നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്നും എത്ര ശതമാനം പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിലെ ആവശ്യകതയുടെ ഏതാണ്ട് 80 ശതമാനം പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നു. 20 ശതമാനം പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്.<br><br>2025 ഏപ്രിൽ 1 മുതൽ 2025 സെപ്റ്റംബർ 22 വരെ മിൽമയുടെ ആവശ്യകതയുടെ 72.16% പാലും മിൽമയുടെ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്നുണ്ട്. ബാക്കിയുള്ള 27.84% പാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്. |
| (സി) | കഴിഞ്ഞ 10 വർഷത്തിനിടയിൽ പാലിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വീതം വർദ്ധിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ 10 വർഷത്തെ പാലുൽപാദന കണക്ക്<br><br>2015-16 - 26.49 (ലക്ഷം മെട്രിക് ടൺ/വർഷം )<br><br>2016-17 - 26.2 ('')<br><br>2017-18 - 25.49 ('')<br><br>2018-19 - 25.49 ('')<br><br>2019-20 - 25.42 ('')<br><br>2020-21 - 25.34 ('')<br><br>2021-22 - 25.32 ('') |

| | | | |
|---|---|---|---|
| | | | 2022-23 - 25.79 (")<br><br>2023-24 - 25.79 (")<br><br>2024-25 - പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശവും ആയത് എപ്പോൾ പൂർത്തീകരിച്ച് സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ഡി) | പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് 2025-26 വർഷത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ<br><br>**മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP)**<br><br>വ്യക്തികൾക്കുള്ള പശു വളർത്തൽ പദ്ധതികൾ-രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, ഇരുപത് പശു യൂണിറ്റ് & സ്മാർട്ട് ഡയറി ഫാം.<br><br>ഗ്രൂപ്പുകൾക്കുള്ള പശു വാങ്ങൽ പദ്ധതി - ജെ എൽ ജി, എസ്. എച്ച് ജി, എഫ് പി ഒ, മറ്റ് രജിസ്റ്റേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 5, 10 പശു വളർത്തൽ പദ്ധതി<br><br>ക്ഷീരഗ്രാമം - തെരഞ്ഞെടുത്ത 40 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി നടത്തുന്ന പ്രത്യേക പദ്ധതി<br><br>കിടാരി പാർക്ക് ( Heifer Park) - 50 കിടാരികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും സർക്കാർ പദ്ധതി ഗുണഭോക്താക്കൾക്ക് വിൽപന നടത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി (വ്യക്തികൾ/ ഗ്രൂപ്പുകൾ/ക്ഷീരസംഘങ്ങൾ/FPO/JLG/SHG)<br><br>ക്ഷീരലയം- തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡിൽ 10 പശുക്കളെ വളർത്തുന്നതിനുള്ള പദ്ധതി<br><br>ക്ഷീര തീരം - തീരദേശത്തെ മൽസ്യം, കയർ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി (വ്യക്തിഗതം).<br><br>ഹെർഡ് ക്വാറന്റൈൻ കം കാറ്റിൽ ട്രേഡിംഗ് സെന്റർ - സംസ്ഥാനത്തിന് പുറത്ത് നിന്നും കൊണ്ടു വരുന്ന ഉരുക്കളെ ക്വാറൻറ്റൈൻ ചെയ്യുന്നതിനും പദ്ധതി ഗുണഭോക്താക്കൾക്ക് ആരോഗ്യമുള്ള ഉരുക്കളെ വിതരണം ചെയ്യുന്നതിനുമുള്ള പ്രത്യേക പദ്ധതി<br><br>ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം - ഡയറി ഫാമിംഗ് സംരംഭങ്ങൾക്കായി 5 ലക്ഷത്തിൽ കുറയാത്ത ലോൺ എടുത്ത് കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5 വർഷം വരെ 100 ശതമാനം |

പലിശയും സബ്സിഡിയായി നൽകുന്നു (പ്രതിവർഷം പരമാവധി 3 ലക്ഷം രൂപ)

അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാമേഴ്സ് (ആവശ്യാധിഷ്ഠിത ധനസഹായം).

ധാതുലവണ മിശ്രിത വിതരണം.

ഡയറി ഫാമുകളുടെ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും

കാലിത്തൊഴുത്ത് നിർമ്മാണം

കറവയന്ത്രം

കൊമേഴ്സ്യൽ ഡയറി ഫാമുകളുടെ ആധുനികവൽക്കരണം

തീറ്റപ്പുൽകൃഷി വികസന പദ്ധതി

ക്ഷീരകർഷകർ, ക്ഷീര സംഘങ്ങൾ എന്നിവ മുഖേന തീറ്റപ്പുൽ കൃഷി ഉൽപാദനവും സംരക്ഷണവും, ജലസേചന ധനസഹായം, യന്ത്രവൽക്കരണ ധനസഹായം - ചാഫ് കട്ടർ, ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി, വാണിജ്യാടിസ്ഥാനത്തിൽ തരിശു നിലത്തിൽ തീറ്റപ്പുൽ കൃഷി - 1 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ, ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി, ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് (ജെ എൽ.ജി/എസ്.എച്ച ജി) - 1 ഏക്കർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി, ചോളം കൃഷി ചെയ്യുന്നതിനുള്ള ധനസഹായം.

<u>കണ്ടിജൻസി ഫണ്ട്</u> - ക്ഷീരകർഷകർക്ക് പശുവളർത്തലിൽ ആകസ്മികമായുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ധനസഹായം.

8 മാസം മുതൽ ചെനയുള്ള 700 കറവപശുക്കൾക്ക് സ്പെഷ്യൽ കെയർ പാക്കേജ് പദ്ധതി

ക്ഷീരസംഘങ്ങൾ വഴി പച്ചപ്പുൽ, സൈലേജ്, വയ്ക്കോൽ വിതരണം.

<u>ഫാം ലെവൽ ഹൈജീൻ -</u> 5 പശുക്കൾ മുതലുള്ള ഫാമുകളിലെ ശുചിത്വവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതി

ക്ഷീര കർഷക ക്ഷേമ നിധി ബോർഡ് വഴി ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതി.

ഈ പദ്ധതികൾ 2025-26 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്.

ക്ഷീരകർഷകരുടെ ഉൽപ്പാദന ചെലവ് കുറച്ചുകൊണ്ട് അവരെ ക്ഷീരമേഖലയിൽ നിലനിർത്തുന്നതിനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും, അതുവഴി ക്ഷീരമേഖലയെ ശാക്തീകരിക്കുന്നതിനുമായി മിൽമ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്ഷീരമേഖലയിലെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാനും കർഷകർക്കായുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള ധാരണാപത്രം കെ.സി.എം.എം.എഫും കേരളാ ബാങ്കുമായി 08.01.2025-ൽ ഒപ്പുവക്കുകയും ഇതിന്റെ പ്രാരംഭ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ക്ഷീരകർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ കേരള ബാങ്കിലൂടെ 3 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന "ക്ഷീരമിത്ര" വായ്പാ പദ്ധതിയാണ് ഇതിൽ പ്രധാനം.

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരസാന്ത്വനം പദ്ധതിയിലേക്ക് മിൽമയുടെ വിഹിതമായി നൽകിയിരുന്ന തുക, 500 രൂപയിൽ നിന്നും 600 രൂപയായി ഉയർത്തിയിട്ടുണ്ട്.

കർഷകർക്ക് അധിക പാൽവിലയായിട്ട് മാത്രം 157.99 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തികവർഷം മിൽമ മേഖലാ യൂണിയനുകൾ നൽകിയിട്ടുള്ളത്

കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം വർഷത്തിലുടനീളം (12 മാസവും) ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡിയായി ഫെഡറേഷൻ നൽകിയ 11.95 കോടി രൂപ ഉൾപ്പെടെ മൊത്തത്തിൽ 30.18 കോടി രൂപ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു.

ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ

ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്.

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി മേഖലാ യൂണിയനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുകൊണ്ട് തിരുവനന്തപുരം മേഖലാ യൂണിയൻ 28.83 ലക്ഷം രൂപയും, എറണാകുളം മേഖലാ യൂണിയൻ 3.78ലക്ഷം രൂപയും, മലബാർ മേഖലാ യൂണിയൻ 23.07 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടുണ്ട്.

കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിയവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ഇവ കൂടാതെ, ക്ഷീരകർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും, അവരെ ക്ഷീരസഹകരണ മേഖലയിൽ പിടിച്ചു നിർത്തുന്നതിനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി, മിൽമ മേഖലാ യൂണിയനുകളുടെ സ്ഥിരം നിയമനങ്ങളിൽ ക്ഷീര കർഷകർക്കും അവരുടെ ആശ്രിതർക്കും, മേഖലാ യൂണിയന്റെ റിക്രൂട്ട്മെൻറ് & പ്രൊമോഷൻ റൂൾസിന് വിധേയമായിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുടെയും, പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ, മുൻഗണന (weightage) അനുവദിക്കുന്നത്

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് മേഖലാ യൂണിയനുകൾ തീരുമാനമെടുത്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്ന പക്ഷം, ആയത് ക്ഷീരമേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും അതുവഴി ക്ഷീരമേഖല ശക്തി പ്രാപിക്കുന്നതിനും സഹായകമാകുന്നതോടൊപ്പം തന്നെ, ഈ മേഖലയിലേക്ക് പുതിയ തലമുറ എത്തുന്നില്ല എന്ന പ്രശ്നത്തിനും ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.<br><br>2025 ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ വരെയുള്ള കണക്കുകൾ പ്രകാരം മേഖലാ യൂണിയനുകൾ വഴിയുള്ള പാൽ സംഭരണത്തിൽ 13 ശതമാനത്തോളം വർദ്ധനവുള്ളതായാണ് കണക്കാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കാലിത്തീറ്റ സബ്സിഡിയായും അധിക പാൽ വിലയായും മറ്റനേകം ക്ഷീരകർഷക ക്ഷേമ പ്രവർത്തനങ്ങളായും മിൽമ ക്ഷീരകർഷകർക്ക് നൽകിയ 254.79 കോടി രൂപയും ഈ വർദ്ധന നേട്ടത്തിൽ പങ്കാളിയായിട്ടുണ്ട്. ആഭ്യന്തര സംഭരണം രാജ്യമൊട്ടാകെ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനാവശ്യമായ പാൽ പൂർണമായും ഉൽപ്പാദിപ്പിക്കുന്ന നിലയിലേക്ക് സംസ്ഥാനം മാറിയിട്ടില്ല എങ്കിൽപ്പോലും പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടുവയ്പ്പായി ഈ വർദ്ധനവിനെ കണക്കാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ